ഉത്തരം

(എ) ഫ്ളൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി - ഇ) ബാധകമല്ല.

എലിത്തോട് പാലത്തിന്റെയും കല്ലിക്കണ്ടി പാലത്തിന്റെയും ശോച്യാവസ്ഥ

184 (5889) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിലെ എലിത്തോട് പാലത്തിന്റെയും, കല്ലിക്കണ്ടിപ്പാലത്തിന്റെയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലങ്ങളുടെ പുനരുദ്ധാരണത്തിനായി നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത പാലങ്ങളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിച്ച് പ്രവൃത്തി നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2009-ൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി എലിത്തോട് പാലത്തിന്റെയും, കല്ലിക്കണ്ടി പാലത്തിന്റെയും പുനർനിർമ്മാണത്തിനായി യഥാക്രമം 198 ലക്ഷം രൂപയുടെയും 180 ലക്ഷം രൂപയുടെയും റഫ് കോസ്റ്റ് എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും ഭരണാനുമതി നല്കുകയുണ്ടായില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മുറിക്കല്ല് പാലം നിർമ്മാണം

185 (5890) ശ്രീ. ബാബു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ മണ്ഡലത്തിലെ മുറിക്കല്ല് പാലം നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) എന്നത്തേക്ക് ഈ പ്രവൃത്തി ടെണ്ടർ ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(സി) മൂവാറ്റുപുഴ ടൗൺ ബൈപ്പാസിന്റെ ഭാഗമായിട്ടുള്ള നാസ് റോഡിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനകം എത്ര സ്ഥലം ഏറ്റെടുത്തുവെന്നും ഇനിയും എത്ര സ്ഥലം ഏറ്റെടുക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുറിക്കല്ല് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്.

(സി) ഇല്ല.

(ഡി) ഇതിനകം 5838.80 ച.മീ. സ്ഥലം ഏറ്റെടുത്തു. ഇനി 320 ച.മീ. സ്ഥലം കൂടി ലഭിക്കാനുണ്ട്.

(ഇ) ആവശ്യമായ സ്ഥലം മുഴുവൻ ലഭിച്ചാലുടൻ തന്നെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

മലപ്പുറം മണ്ഡലത്തിലെ പാലങ്ങൾ

186 (5891) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പാലങ്ങളുടെ പണികൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) അതിൽ ഏതെല്ലാം പാലങ്ങൾക്ക് ഭരണാനുമതി നൽകി ; ഏതൊക്കെ പാലങ്ങളുടെ എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയായി ; ഓരോന്നും ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ആനക്കയം പഞ്ചായത്തിലെ മുടിക്കോട് പാലം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;

(ഡി) ഊരകം പഞ്ചായത്തിലെ വള്ളിപ്പാടം-ആലുങ്കൽകടവ് പാലം നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കുമോ ?

ഉത്തരം

(എ) മൂന്ന് പാലങ്ങൾക്ക്.

(ബി & സി) മുടിക്കോട് പാലത്തിന് 630 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം മുൻകൂർ ലഭ്യമല്ലാത്തതുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. സ്ഥലമെടുപ്പിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വള്ളിപ്പാടം ആലുങ്കൽകടവ് പാലത്തിന്റെയും, ഉമ്മിണിക്കടവ് പാലത്തിന്റെയും നിർമ്മാണത്തിന് യഥാക്രമം 600 ലക്ഷം രൂപയുടെയും 440 ലക്ഷം രൂപയുടേയും റഫ്കോസ്റ്റ് എസ്റ്റിമേറ്റുകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly